നടത്തിയ പഠനത്തിലും വെള്ളരിക്കുണ്ടിലെ ഫയർ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണന നൽകിവരുന്നുള്ളൂ. എന്നിരുന്നാലും ഈ വിഷയത്തിൻമേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് കാസർഗോഡ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ലഭ്യത, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകാനായി വെള്ളരിക്കുണ്ട് തഹസീൽദാരുമായി ബന്ധപ്പെട്ടിട്ടുണ്ട്. തഹസീൽദാരുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ

151(5740) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേസുകളിൽപ്പെട്ട് ജാമ്യവ്യവസ്ഥയനുസരിച്ച് നാടുകടത്തപ്പെട്ടവർക്ക്, താമസിക്കാൻ വേണ്ടി വരുന്ന ചെലവ് സർക്കാർ നൽകുന്നുണ്ടോ ;

(ബി) രാഷ്ട്രീയ പ്രേരിതമായും മറ്റും കേസുകളിൽ പ്രതിചേർക്കപ്പെട്ട്, മാസങ്ങളോളം നിരപരാധികൾപോലും നാടുകടത്തപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വന്തം ജില്ലയിൽ പ്രവേശിക്കരുതെന്ന ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ സംസ്ഥാനത്തുള്ളതായി അറിയാമോ ; ഇവർക്കെല്ലാം താമസിക്കാനും ജീവിക്കാനും ആവശ്യമായ സഹായം പോലീസ് നൽകിവരുന്നുണ്ടോ ;വിശദമാക്കാമോ ;

(ഡി) ജാമ്യ വ്യവസ്ഥയിൽ നാടുകടത്തപ്പെടുന്നവർക്ക് താമസിക്കാനുള്ള വീടും ചെലവും പോലീസ് നൽകേണ്ടതാണെന്ന സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാടുകടത്തപ്പെട്ടവരുടെ കാര്യത്തിൽ സ്വീകരിച്ച നിലപാട് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇത്തരമൊരു സംവിധാനം സംസ്ഥാനത്ത് നിലവിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വന്തം ജില്ലയിൽ പ്രവേശിക്കരുതെന്ന ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ സംസ്ഥാനത്തുണ്ട്. എന്നാൽ ഇവർക്ക് താമസിക്കാനും ജീവിക്കാനും ആവശ്യമായ സഹായം പോലീസ് നൽകുന്നില്ല.

(ഡി) ഇത്തരത്തിൽ ബഹു. സുപ്രീം കോടതി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly